**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5693** **08-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ഡി.എ. കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 08.02.2021-ലെ ജി.ഒ.(പി) 25/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഡി.എ. കുടിശ്ശിക മുഴുവനും നൽകിക്കഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ; | (എ) | 08.02.2021 -ലെ ജി.ഒ. (പി) 25/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഡിഎ കുടിശ്ശിക, ജീവനക്കാരുടെ ജിപിഎഫ്-ൽ ലയിപ്പിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | 01.01.2021-ലും 01.07.2021-ലും ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ. കുടിശ്ശികയാണ് നൽകുവാനുള്ളതെന്നും അത് നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ /ഡി.ആർ കണക്കാക്കുന്നത്. അതനുസരിച്ച് 01.07.2020 വരെയുള്ള ഡി.എ/ഡി.ആർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 01.01.2021 മുതൽ ഡി.എ /ഡി.ആർ കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 29.06.2019-ലെ ജി.ഒ.(പി) 18/2019/ എച്ച്.ഇഡിഎൻ., 11.09.2020-ലെ ജി.ഒ.(പി) 52/2020/എച്ച്.ആന്റ് എഫ്.ഡബ്ല്യൂ.ഡി. ഉത്തരവുകൾ മുഖേന യു.ജി.സി./എ.ഐ.സി.റ്റി.ഇ./ മെഡിക്കൽ സ്കീം പ്രകാരം 01.01.2016 മുതൽ ശമ്പളം പരിഷ്കരിച്ച അദ്ധ്യാപകർക്ക് നിലവിൽ പതിനേഴ് ശതമാനം ഡി.എ. മാത്രമാണ് നൽകുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്നും അവർക്ക് 01.07.2020 മുതൽ പുതുക്കിയ നിരക്കിലുള്ള ഇരുപത്തിയഞ്ച് ശതമാനം ഡി.എ. അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര ഗവൺമെന്റ് 2020 വർഷത്തെ ഡിഎ/ഡിആർ മരവിപ്പിച്ചിരുന്നതിനാൽ, പ്രസ്തുത കാലയളവിലെ ഡിഎ/ഡിആർ കേന്ദ്ര സർക്കാർ പുനസ്ഥാപിക്കുന്ന മുറക്ക് മാത്രമേ കേന്ദ്ര നിരക്കിൽ ഡിഎ/ഡിആർ വാങ്ങുന്നവർക്ക് അനുവദിക്കൂ എന്നു 08.02.2021 -ലെ ജി.ഒ. (പി) 25/2021/ഫിൻ നമ്പർ ഉത്തരവിൽ |

| | | | |
|---|---|---|---|
| | | | വ്യക്തമാക്കിയിരുന്നു. പുതുക്കിയ നിരക്കിലുള്ള ഡി.എ. അനുവദിക്കുന്നതിനുള്ള ഫയൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ